## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3574 — 14/03/2017 ൽ മറുപടിയ്ക്ക്

### വിസിൽ ബ്ലോവർ നിയമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.കെ. രാജൻ<br>ശ്രീ. എൽദോ എബ്രഹാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | കേന്ദ്ര സർക്കാർ പാസ്സാക്കിയ വിസിൽ ബ്ലോവർ നിയമം നടപ്പാക്കുന്നതിന് സംസ്ഥാനം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | എ) | വിസിൽ ബ്ലോവർ നിയമം നടപ്പാക്കുന്നതിന് 06/09/2011 ലെ ജി.ഒ(എം.എസ്) 25/11/വിജി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) | അഴിമതിയും കെടുകാര്യസ്ഥതയും തടയുന്നതിനായി സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ബോർഡ്/കോർപ്പറേഷൻ എന്നിവയിലെ ജീവനക്കാരിൽ നിന്ന് വിസിൽ ബ്ലോവേഴ്സിനെ കണ്ടെത്തി ശൃംഖല വികസിപ്പിച്ചെടുക്കാൻ വിജിലൻസ് യൂണിറ്റുകൾ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | ബി) | 25/01/17 ലെ സ.ഉ(സാധാ) നമ്പർ 16/17/വിജി പ്രകാരം ഒരു കോടിയിൽ കൂടുതൽ ഉള്ള അഴിമതി പുറത്തു കൊണ്ടുവരുന്ന വിസിൽ ബ്ലോവേഴ്സിന് വിസിൽ ബ്ലോവർ അവാർഡ് നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വി.എ.സി.ബിയുടെ സംസ്ഥാനത്തെ എല്ലാ യൂണിറ്റുകളിലും വിസിൽ ബ്ലോവേഴ്സിനെ തിരഞ്ഞെടുത്ത് അവരുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുന്നുണ്ട്. വിവിധ സർക്കാർ സ്ഥാപനങ്ങൾ സർക്കാർ ഏജൻസികൾ എന്നിവിടങ്ങളിൽ ജോലി നോക്കുന്നവർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ക്ലബ്ബുകൾ മറ്റ് ഓർഗനൈസേഷൻ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്കും വിസിൽ ബ്ലോവർ ആകാവുന്നതാണ്. വിസിൽ ബ്ലോവർ അവാർഡിനുവേണ്ടിയുള്ള നോമിനേഷൻ jt.vacb@kerala.gov.in എന്ന ഇ-മെയിലിൽ നേരിട്ട് നൽകാവുന്നതാണ്. വിവിധ വകുപ്പുകളിൽ നിന്നും ഓർഗനൈസേഷനുകളിൽ നിന്നും വിസിൽ ബ്ലോവേഴ്സ് ധൈര്യപൂർവ്വം മുന്നോട്ട് വരുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസുകൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഉദ്യോഗസ്ഥർ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ നടത്തിയിരുന്നു. |

| | | | |
|---|---|---|---|
| സി) . | അഴിമതിക്കെതിരെ പൊതുജനങ്ങൾക്ക് പരാതി നൽകാനുള്ള ഓൺലൈൻ സംവിധാനത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ? | സി) | അഴിമതിക്കെതിരെ പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിന് വി.എ.സി.ബി ഡയറക്ടറേറ്റിൽ 18/12/12 ൽ 8592900900 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തനം ആരംഭിക്കുകയും എല്ലാ പ്രവൃത്തി ദിവസവും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ പൊതുജനങ്ങളിൽ നിന്നും പരാതികൾ സ്വീകരിക്കുകയും ചെയ്യുന്നു. 15/02/16 മുതൽ വിജിലൻസ് ഡയറക്ടറേറ്റിൽ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിന് www.publicvigil.in എന്ന പെറ്റിഷൻ സോഫ്റ്റ് വെയർ പ്രവർത്തനമാരംഭിക്കുകയും വിജിലൻസ് ഡയറക്ടറേറ്റിൽ വരുന്ന പരാതികൾ ടി സോഫ്റ്റ് വെയറിലൂടെ രജിസ്റ്റർ ചെയ്ത് അതാത് വിജിലൻസ് യൂണിറ്റിലേയ്ക്ക് അന്വേഷണത്തിന് അയക്കുകയും പരാതിക്കാരൻ നൽകിയിരിക്കുന്ന ഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്സ് എന്നിവയിലൂടെ പരാതിക്കാരന് പെറ്റീഷൻ നമ്പരും അന്വേഷണ വിവരങ്ങളും മെസ്സേജായി നൽകുകയും ചെയ്യുന്നു. ഈ സംവിധാനത്തിലൂടെ ഏത് സ്ഥലത്തിരുന്നും ഏത് സമയത്തും ഈ സൈറ്റിലൂടെ പൊതുജനങ്ങൾക്ക് പരാതി ഓൺലൈനായി രജിസ്റ്റർ ചെയ്യുവാൻ സാധിക്കും. പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമായ രീതിയിൽ ഈ സംവിധാനത്തിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. |

Rashmi T-

സെക്ഷൻ ഓഫീസർ